I/285303/2023

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം

നമ്പർ:DT/2657/2022-A5 തീയതി: 25-02-2023

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്–ട്രെയിനിംഗ് ഡയറക്ടറേറ്റ്–ഫയലുകൾ തീർപ്പാക്കൽ- ശേഷിക്കുന്ന ഫയലുകൾ ഒരു മാസത്തിനുള്ളിൽ തീർപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1.LBRD-PS/81/2022-LBRD നമ്പരായ 10.02.2023 ലെ സർക്കാർ കത്ത്
2.LBRD-PS/81/2022-LBRD നമ്പരായ 09.12.2022 ലെ സർക്കാർ കത്ത്
3.09.06.2022 ലെ ഇതേ നമ്പർ ഉത്തരവ്

സൂചന പ്രകാരം ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടി ഒരു മാസം കൂടി നീട്ടിയ വിവരം സർക്കാരിൽ നിന്നും അറിയിച്ചിട്ടുണ്ട് ആയതിന്റെ അടിസ്ഥാനത്തിൽ ഫയൽ അദാലത്ത് ലിസ്റ്റിൽ ഉൾപ്പെട്ട അവശേഷിക്കുന്ന ഫയലുകൾ വളരെ അടിയന്തിരമായി തീർപ്പുകൽപ്പിച്ച് പ്രസ്തുത വിവരം ഗൂഗിൾ ഷീറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

ANEESH A B, ADO DTTVPM, O/O ADO DTTVPM
**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

ഉള്ളടക്കം:-മേൽപറഞ്ഞവ

**സ്വീകർത്താവ്:-എല്ലാ മേഖലാ കോ- ഓഡിനേറ്റർമാരും/എല്ലാ സ്ഥാപന മേധാവികളും**
(ഓരോ രണ്ടാഴ്ച കൂടുമ്പോൾ ഗൂഗിൾ ഷീറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും പ്രസ്തുത വിവരം അതതു മേഖലാ കോ- ഓഡിനേറ്റർമാർ ക്രോഡികരിച്ച റിപ്പോർട്ട് ഈ ഓഫീസിലേക്ക് സൂചന (3) ൽ പറഞ്ഞിരിക്കുന്ന മെയിൽ ഐഡി യിലേക്ക് അയച്ചു നൽകേണ്ടതുമാണ്)

**പകർപ്പ്:** എല്ലാ യൂണിറ്റ് ഓഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും (മുഖ്യകാര്യാലയം)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 FEB 2023

തൊഴിലും നൈപുണ്യവും (പി.എസ്) വകുപ്പ്

നം .LBRD-PS./81/2022-LBRD

10-02-2023,തിരുവനന്തപുരം

സെക്രട്ടറി

1) ലേബർ കമ്മീഷണർ, തിരുവനന്തപുരം
2) ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ് ,തിരുവനന്തപുരം
3) എംപ്ലോയ്മെന്റ് ഡയറക്ടർ, നാഷണൽ എംപ്ലോയ്മെന്റ് സർവീസ്, തിരുവനന്തപുരം
4) ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്, തിരുവനന്തപുരം
5) ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ്, തിരുവനന്തപുരം
6) എക്സിക്യൂട്ടീവ് ഡയറക്ടർ, കിലെ, തിരുവനന്തപുരം
7) മാനേജിംഗ് ഡയറക്ടർ,
കേരള അക്കാഡമി ഫോർ സ്കിൽസ് &എക്സലൻസ്

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടി - ശേഷിക്കുന്ന ഫയലുകൾ കൂടി ഒരു മാസത്തിനുള്ളിൽ തീർപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഈ വകുപ്പിന്റെ 09/12/2022-ലെ ഇതേ നമ്പർ കത്ത്.

ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് 15/12/2022 വരെയുള്ള പുരോഗതി റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. വിവിധ വകുപ്പുകളിൽ ഇനിയും തീർപ്പാക്കാൻ ശേഷിക്കുന്ന ഫയലുകൾ കൂടി ഒരു മാസത്തിനുള്ളിൽ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് എന്ന വിവരം അറിയിക്കുന്നു.

14/02/23

14/2/23

15/2/23

വിശ്വസ്തതയോടെ,
BINDUMOL THOMAS
UNDER SECRETARY
സെക്രട്ടറിയ്ക്കുവേണ്ടി

പകർപ്പ്- തൊഴിലും നൈപുണ്യവും വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

അംഗീകാരത്തോടെ

Signed by
Sarita Sarath
സെക്ഷൻ ഓഫീസർ
Date: 10-02-2023 16:38:39

/5529471/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (പി.എസ്) വകുപ്പ്

നം.LBRD-P.S./81/2022-LBRD

09-12-2022,തിരുവനന്തപുരം

സെക്രട്ടറി

1) ലേബർ കമ്മീഷണർ,
തിരുവനന്തപുരം

2) ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ് ,
തിരുവനന്തപുരം

3) എംപ്ലോയ്മെന്റ് ഡയറക്ടർ,
നാഷണൽ എംപ്ലോയ്മെന്റ് സർവീസ്, തിരുവനന്തപുരം

4) ഡയറക്ടർ,
ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്, തിരുവനന്തപുരം

5) ഡയറക്ടർ,
ഫാക്ടറീസ് & ബോയിലേഴ്സ്, തിരുവനന്തപുരം

6) എക്സിക്യൂട്ടീവ് ഡയറക്ടർ, കിലെ, തിരുവനന്തപുരം

7) മാനേജിങ് ഡയറക്ടർ,
കേരള അക്കാഡമി ഫോർ സ്കിൽസ് & എക്സലൻസ്

A

12/12/22

12/12/22

13/12/22

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടി - ചീഫ് സെക്രട്ടറി സെക്രട്ടറിമാരുമായി 17/11/2022-ന കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ് അയയ്ക്കുന്നത് - സംബന്ധിച്ച്.

ഫയൽ തീർപ്പാക്കലുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി സെക്രട്ടറിമാരുമായി 17/11/2022-ന കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ് അറിവിലേക്കും അനന്തര നപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
ബിന്ദുമോൾ തോമസ്
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

തൊഴിലും നൈപുണ്യവും വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
എല്ലാ ഓഫീസർമാർക്കും

Signed by Sarita Sarath
Date: 12-12-2022 10:00:19

സെക്കൻ ഓഫീസർ

**"ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടി 2022" ന്റെ അവലോകനം നടത്തുന്നതിനായി ചീഫ് സെക്രട്ടറി സെക്രട്ടറിമാരുമായി 17.11.2022, 2.30 PM ന് നടത്തിയ വീഡിയോ കോൺഫറൻസിന്റെ നടപടിക്കുറിപ്പ്**

യോഗം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2.30 PM ന് ആരംഭിച്ചു. എല്ലാ സെക്രട്ടറിമാരേയും ചീഫ് സെക്രട്ടറി സ്വാഗതം ചെയ്തു.

വനം വന്യജീവി, പൊതുവിദ്യാഭ്യാസം, റവന്യൂ, പട്ടികജാതി പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളോട് ഫയൽ തീർപ്പാക്കൽ ശതമാനം കുറഞ്ഞതിന്റെ കാരണം വ്യക്തമാക്കുവാൻ ചീഫ് സെക്രട്ടറി ആമുഖമായി ആവശ്യപ്പെട്ടു. Google Spread Sheet -ൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്താത്തതാണ് ഫയൽ തീർപ്പാക്കൽ ശതമാനം കുറഞ്ഞതിന് കാരണമെന്ന് പല വകുപ്പുകളും അഭിപ്രായപ്പെട്ടു.

തദ്ദേശസ്വയംഭരണ വകുപ്പിൽ ഫയൽ തീർപ്പാക്കൽ 49% വരെ ആയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്തു മുതൽ എല്ലാ ഓഫീസുകളുടെയും ഫയലുകൾ Google Spread Sheet ൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

Google Spread Sheet-ൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തുവാൻ നോഡൽ ഓഫീസർമാർക്ക് ആവശ്യമായ നിർദ്ദേശം നൽകുവാൻ ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാരോട് നിർദ്ദേശിക്കുകയുണ്ടായി. തീർപ്പാക്കുവാനായി ഏറ്റവും കൂടുതൽ ഫയലുകൾ അവശേഷിക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പിൽ ഫയൽ തീർപ്പാക്കലിന് പ്രത്യേക കർമ്മ പരിപാടി ആവിഷ്കരിക്കുവാനും ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

എല്ലാ ഫയലുകളും ഇ-ഓഫീസിലേയ്ക്ക് മാറ്റുന്നതോടുകൂടി ഫയൽ തീർപ്പാക്കൽ വേഗത്തിലാക്കുവാൻ കഴിയുമെന്നും ഫയലുകളുടെ നിലവിലെ സ്ഥിതി എല്ലാവർക്കും വ്യക്തമായി മനസ്സിലാക്കുവാൻ കഴിയുമെന്നും ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. കൂടാതെ പൊതുജനങ്ങൾ ഫയൽ സ്ഥിതി അറിയുവാൻ ഓഫീസുകളിൽ കയറിയിറങ്ങുന്ന നിലവിലെ അവസ്ഥയ്ക്ക് മാറ്റം വരുത്തുവാനും സാധിക്കും. ആയതിനാൽ എല്ലാ വകുപ്പുകളിലും ഫയലുകൾ ഇലക്ട്രോണിക് ആയി മാത്രം തുടങ്ങേണ്ടതാണെന്നും വകുപ്പുകൾ തമ്മിലും വകുപ്പുകളിൽ നിന്നും സെക്രട്ടറിയേറ്റിലേക്കുമുള്ള കമ്മ്യൂണിക്കേഷൻ ഇലക്ട്രോണിക് ആയി മാത്രം നടത്തേണ്ടതാണെന്നും ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. കേരളത്തെ ഒരു ഡിജിറ്റൽ സ്റ്റേറ്റ് ആക്കി മാറ്റുന്നതിനായി എല്ലാ വകുപ്പുകളും ഇ-ഓഫീസ് സംവിധാനം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണെന്നും ഇതിനായി അനുയോജ്യമായ സോഫ്റ്റ് വെയർ ഉപയോഗിക്കണമെന്നും സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടെങ്കിൽ NIC യുമായി ചേർന്ന് പരിഹരിക്കേണ്ടതാണെന്നും ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു..

SCORE മുഖേനയുള്ള ACR Electronic Numerical grading സമ്പ്രദായത്തിലേയ്ക്ക് മാറുന്നതിനായി 31.12.2022 ന് മുമ്പ് എല്ലാ ഉദ്യോഗസ്ഥരുടെയും ഡേറ്റ അപ്ഡേറ്റ് ചെയ്യുവാൻ ഐ.റ്റി വകുപ്പിനോട് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. 01.01.2023 മുതൽ SCORE മുഖേന മാത്രമേ ACR സമർപ്പിക്കുവാൻ പാടുള്ളൂ എന്നും ആയതിന്റെ പുരോഗതി സംബന്ധിച്ച് എല്ലാ വകുപ്പുകളിൽ നിന്നുമുള്ള വിവരങ്ങൾ ശേഖരിച്ച്, റിപ്പോർട്ട് ചീഫ് സെക്രട്ടറിയുടെ സെക്രട്ടറിമാരുമായുള്ള പ്രതിമാസ യോഗത്തിൽ സമർപ്പിക്കുവാനും സ്പെഷ്യലൈസ്ഡ് കാറ്റഗറി ഓഫീസർമാരുള്ള വകുപ്പുകൾ അവർക്കായി പ്രത്യേക ACR ഫോമുകൾ സൃഷ്ടിക്കുന്നതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാനും ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തി.

എല്ലാ ഉദ്യോഗസ്ഥരും Annual Property Statement ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണെന്നും അതിനായി ഡേറ്റ അപ്ഡേറ്റ് ചെയ്യുവാൻ പൊതുഭരണ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

**<u>തീരുമാനങ്ങൾ</u>**

1. എല്ലാ വകുപ്പുകളും തീർപ്പാക്കിയ ഫയലുകളുടെ വിവരങ്ങൾ കൃത്യമായി Google Spread Sheet -ൽ രേഖപ്പെടുത്തേണ്ടതാണ്. ഇതിനായി വകുപ്പ് സെക്രട്ടറിമാർ നോഡൽ ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്.
2. ഫയൽ തീർപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രത്യേക കർമ്മ പരിപാടി ആവിഷ്കരിക്കേണ്ടതാണ്.
3. എല്ലാ പുതിയ ഫയലുകളും ഇ-ഓഫീസ് മുഖേന മാത്രം സൃഷ്ടിക്കേണ്ടതാണ്.
4. എല്ലാ സർക്കാർ ഓഫീസുകളും ഇ.ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറേണ്ടതാണ്. എല്ലാ വകുപ്പുകളിലും ഫയലുകൾ ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് പൂർണമായും മാറുന്നതുവരെ ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടി തുടരുന്നതാണ്.
5. SCORE മുഖേനയുള്ള ACR ഇലക്ട്രോണിക് ന്യൂമെറിക്കൽ ഗ്രേഡിംഗ് സമ്പ്രദായത്തിലേയ്ക്ക് മാറുന്നതിനായി 31.12.2022 ന് മുമ്പ് എല്ലാ ഉദ്യോഗസ്ഥരുടെയും ഡേറ്റ ഐ.റ്റി വകുപ്പ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
6. എല്ലാ ഉദ്യോഗസ്ഥരും നിർബന്ധമായും 01.01.2023 മുതൽ 'സ്കോർ' മുഖേന മാത്രം ACR സമർപ്പിക്കേണ്ടതാണ്.
7. സ്പെഷ്യലൈസ്ഡ് കാറ്റഗറി ഓഫീസർമാരുള്ള വകുപ്പുകൾ അവർക്കായി SCORE-ൽ പ്രത്യേക ACR ഫോമുകൾ സൃഷ്ടിക്കുന്നതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ചീഫ് സെക്രട്ടറിയുടെ പ്രതിമാസ യോഗത്തിന് സമർപ്പിക്കുവാൻ ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തി.

8. എല്ലാ ഉദ്യോഗസ്ഥരും Annual property statement ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. പൊതുഭരണ വകുപ്പ് ഇതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

യോഗം 3.30 ന് അവസാനിച്ചു.

# LIST OF PARTICIPANTS

| Sl. No. | Name | Designation & Department |
|---|---|---|
| 1 | Dr.V.P Joy IAS | Chief Secretary |
| 2 | Shri. Bishwanath Singh IAS | Additional Chief Secretary Finance department |
| 3 | Dr. Asha Thomas IAS | Additional Chief Secretary, P&ARD |
| 4 | Shri. Muhammed Haneesh IAS | Principal Secretary, General Education Department |
| 5 | Smt. Suman Billa IAS | Principal Secretary, Industries Department |
| 6 | Smt. Sharmila Mary Joseph IAS | Principal Secretary, LSGD |
| 7 | Shri. Puneeth Kumar IAS | Principal Secretary, Planning & Economic Affairs Department & PIEMD |
| 8 | Smt. Ishita Roy IAS | Principal Secretary, Higher Education Department |
| 9 | Shri. K.S. Srinivas IAS | Principal Secretary, Fisheries & Tourism Department |
| 10 | Smt. Mini Antony IAS | Secretary, Labour & Skill & Co-operation Department |
| 11 | Shri. Prasanth N. IAS | Secretary, SC &ST Department |
| 12 | Smt. Rani George IAS | Secretary, Cultural Affairs Department |
| 13 | Shri. V. Hari Nair IAS | Secretary, Law department |
| 14 | Shri. Snehil Kumar Singh IAS | Deputy Secretary, E & IT Department |
| 15 | Shri. Aravind Jayan | Additional Secretary, Reveneue Department |
| 16 | Smt. Vijayasree K.S. | Additional Secretary, Transport Department |
| 17 | Shri. Jayapal | Additional Secretary, Revenue (Devaswom) Department |

| | | |
|---|---|---|
| 18 | Smt. Girija Kumari | Additional Secretary, Port Department |
| 19 | Shri. Rajesh Kumar M. | Additional Secretary, E & IT Department |
| 20 | Smt. Thara devi | Additional Secretary, GAD |
| 21 | Smt. Anitha B.C. | Joint Secretary, Home Department |
| 22 | Shri. Sajikumar | Joint Secretary, Higher Education Department |
| 23 | Smt. Geetha Gopinath | Under Secretary, Environment Department |
| 24 | Shri. Shaji S. | Under Secretary, P&ARD |